**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1400** **11-09-2023 - ൽ മറുപടിയ്ക്ക്**

**കരാർ പ്രവൃത്തികൾ പകുതി വഴിയിൽ ഉപേക്ഷിക്കുന്ന കരാറുകാർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ കരാറുകൾ ഏറ്റെടുക്കുന്ന കരാറുകാർ പ്രവൃത്തികൾ പകുതി വഴിയിൽ ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ച് വരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത്തരം കരാറുകാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ ഏറ്റെടുത്തശേഷം പ്രവൃത്തികൾ പാതി വഴിയിൽ ഉപേക്ഷിക്കുന്ന കരാറുകാർക്കെതിരെ ശക്തമായ നടപടി കളാണ് സ്വീകരിക്കുന്നത്. കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ പൊതുമരാമത്ത് വകുപ്പ് മാന്വലിൽ നിഷ്കർഷിക്കുന്ന വിധമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കരാർ കാലാവധിക്കുള്ളിൽ കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ച മൂലം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പൊതുമരാമത്ത് വകുപ്പ് മാന്വൽ ക്ലോസ് **2112.1,Standard Bid Document (SBD)** എന്നിവ പ്രകാരം പിഴ ഈടാക്കി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നു. അതിനു ശേഷവും പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദു ചെയ്യുകയും ബാക്കി പ്രവൃത്തി പുന:ക്രമീകരിക്കുകയും ചെയ്യുന്നു. ഇതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കുകയും ചെയ്യുന്നു. ഇത്തരം പ്രവണതകൾ ആവർത്തിക്കുകയാണെങ്കിൽ ഈ കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടികളും സ്വീകരിക്കാറുണ്ട്.<br><br>പൊതുമരാമത്ത് വകുപ്പിനു കീഴിൽ നാളിതുവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ കരാറുകാരുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | പ്രവൃത്തികൾ പാതിവഴിയിൽ മുടങ്ങുന്നത് മൂലം ഉണ്ടാകുന്ന നഷ്ടം കരാറുകാരിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; നാളിതുവരെ ഇപ്രകാരമുള്ള എത്ര കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ ഏറ്റെടുത്തശേഷം പ്രവൃത്തികൾ പാതിവഴിയിൽ ഉപേക്ഷിക്കുന്ന കരാറുകാർക്കെതിരെ ശക്തമായ നടപടികളാണ് സ്വീകരിക്കുന്നത്. കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ പൊതുമരാമത്ത് വകുപ്പ് മാന്വലിൽ നിഷ്കർഷിക്കുന്ന വിധമുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കാറുണ്ട്. കരാർ കാലാവധിക്കുള്ളിൽ കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ചമൂലം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പൊതുമരാമത്ത് വകുപ്പ് മാന്വൽ ക്ലോസ് **2112.1,Standard Bid Document (SBD)** എന്നിവ പ്രകാരം പിഴ ഈടാക്കി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നു. അതിനു ശേഷവും പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദു ചെയ്യുകയും ബാക്കി പ്രവൃത്തി പുന:ക്രമീകരിക്കുകയും ചെയ്യുന്നു. ഇതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കുകയും ചെയ്യുന്നു. ഇത്തരം പ്രവണതകൾ ആവർത്തിക്കുകയാണെങ്കിൽ ഈ കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടികളും സ്വീകരിക്കാറുണ്ട്.<br><br>പൊതുമരാമത്ത് വകുപ്പിനു കീഴിൽ നാളിതുവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ കരാറുകാരുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കരിമ്പട്ടികയിൽ ഉൾപ്പെട്ടുത്തിയ കരാറുകാരുടെ വിവരം

| ക്രമ നമ്പർ | കരാറുകാരുടെ പേര് | ലൈസൻസ് നമ്പർ | റിമാർക്സ്/കരിമ്പട്ടികയിൽ ഉൾപ്പെട്ടുത്തിയ ഓഫീസ് |
|---|---|---|---|
| 1 | ശ്രീ. എം. സി . ബേബി | 36A/SECCA/2010-2011 | പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ വിഭാഗം )മധ്യമേഖല സൂപ്രണ്ടിങ്ങ് എഞ്ചിനീയറുടെ കാര്യാലയം, ആലുവ |
| 2 | ശ്രീ. കെ.എച്ച്. കുഞ്ഞി മുഹമ്മദ് | 75A/2013-14 | പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ വിഭാഗം) ഉത്തരമേഖല സൂപ്രണ്ടിങ്ങ് എഞ്ചിനീയറുടെ കാര്യാലയം, കോഴിക്കോട് |
| 3 | M/s അക്വാ ഇൻഫ്രാസ്ട്രക്ചേഴ്സ് | **42B/2015-16** | പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ വിഭാഗം) ഉത്തരമേഖല, സൂപ്രണ്ടിങ്ങ് എഞ്ചിനീയറുടെ കാര്യാലയം, കോഴിക്കോട് |
| 4 | M/s ഡെൽക്കോൺ എഞ്ചിനീയറിങ്ങ് Pvt. Ltd. | 16A/2006-2007 | പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ വിഭാഗം) ഉത്തരമേഖല സൂപ്രണ്ടിങ്ങ് എഞ്ചിനീയറുടെ കാര്യാലയം, കോഴിക്കോട് |
| 5 | ശ്രീ. ബ്ലസ്സൻ ജോർജ് | 06/C/2014-15 | പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ വിഭാഗം), കോട്ടയം |
| 6 | ശ്രീ. മുഹമ്മദ് മുസ്തഫ | 14C/19-20(PWD/Civil/3210/21-22) | പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ വിഭാഗം), കാസർഗോഡ് |
| 7 | ശ്രീ. അബ്ദുൾ സത്താർ ഡി.എം. | PWD/Civil/131/2022-23 | പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ വിഭാഗം), കാസർഗോഡ് |

സെക്ഷൻ ഓഫീസർ